**GAZETTE DATE : 28.11.2025**
**LAST DATE : 31.12.2025**

# NCA RECRUITMENT – STATEWIDE

# CATEGORY NO: 472/2025

## 2nd NCA NOTIFICATION

Applications are invited online only through One Time Registration from qualified candidates belonging to the reservation group of **Ezhava/Billava/Thiyya** Community of Kerala State for appointment in the undermentioned post.

| | | | |
|---|---|---|---|
| 1. | Name of Firm | : | **Kerala Water Authority** |
| 2. | Name of Post | : | **Divisional Accounts Officer** |
| 3. | Scale of Pay | : | **₹ 49,000 - 1,10,300/-** |
| 4. | Number of vacancies | : | **1 (One) (2nd NCA-Ezhava / Billava / Thiyya)** |

Note:- (i) The above vacancy is now in existence. The Ranked List published as per this Notification will be valid until candidates are advised and appointed against the vacancies earmarked for the above mentioned communities but kept unfilled due to the paucity of Ezhava / Billava / Thiyya candidates during the currency of the mother Ranked List published on 29.01.2018 (Cat. No. 431/2012) for the post. This is the second NCA notification for the post owing to non-availability of qualified candidates belong to the above community as per the first notification (Cat. No. 360/2019 dtd. 11/12/2019).

(ii) The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advice was made under some mistake. On such cancellation the appointing authority shall terminate the service of the candidate, provided that, the cancellation of advice for appointment by the Commission and subsequent termination of service of the candidate by the appointing authority shall be made within the period of probation or 240 days from the date of joining duty whichever is earlier.

**5. Method of Appointment :** Direct Recruitment (From among candidates belonging to Ezhava/Billava/Thiyya Community only). Applications received from candidates other than these Communities will be summarily rejected without further intimation.

**6. Age** : 18-39. Only candidates born between 02.01.1986 and 01.01.2007 (both dates included) are eligible to apply for this post, including age relaxation under para 2(i) of General Conditions.

**Note:-** (i) The number of candidates to be included in the short List/ probability list of the above post will be decided as per the availability of admitted applications.

(ii) Appointment shall be made on the basis of a competitive and qualifying test called" The initial recruitment Examination for Divisional Accountants" to be conducted by the Kerala Public Service Commission.

(iii) The Provisional hands working in the above concern will be given age relaxation to the extent of their provisional service put in subject to a maximum of five years from the upper age limit provided they were within the prescribed age limit on the date of their first appointment in the above concern and who they possess a minimum service of one year in the provisional appointment. But the regular employees of the concern are not eligible for the above concession for further appointment. The provisional hands should obtain a certificate showing the period of their provisional service in the concern and shall produce the same as and when required by the Commission. It would also be clearly specified in the Certificate that they were not working in the regular service of the concern.

7. **Qualifications:-**

M.com. Degree from a recognized University or a pass in inter Examination of Chartered Accountant / Institute of Cost and Works Accountants of India.

Note: (a) Rule 10 (a) ii of Part II KS &SSR applicable.

(b) In addition to the qualifications prescribed in this notification, the qualifications recognized by Executive Orders or Standing Orders of Government as equivalent to a qualification specified for the post, in the Special Rules and such of those qualifications which pre–suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent / higher qualifications shall be produced as and when required by the Commission.

(c) The selection for direct recruitment to this post will be conducted in the same manner as Public Service Commission conduct a competitive examination to select candidates for the post Divisional Accountants in Kerala General Service.

8. **Examination:-** Recruitment from the above category will be made on the basis of a competitive test. The subjects and the minimum marks required for a pass in the examination will be as follows.

| **Sl. No.** | **Subjects** | **Maximum mark** | **Minimum marks required for pass** | **Percentage** |
|---|---|---|---|---|
| I | General Knowledge (precis) and General English | 150 | 60 | 40 |
| II | Elementary Book Keeping | 150 | 60 | 40 |
| III | Arithmetic & Mensuration (Elementary but practical) | 200 | 100 | 50 |
| | **Total** | **500** | **220** | |

Note- (1) A Separate minimum of 30% for paper I and II and 35% for paper III is prescribed in the case of candidates belonging to Scheduled Caste/Scheduled Tribe.

(2) The duration of each of the 3 paper will be 3 hours.

(3) The date and Venue of the Test will be notified later.

(4) No candidate will be allowed to appear in the examination more than thrice. A declaration in this regard should be produced as and when called for by the commission.

**DECLARATION**

I hereby declare that I have not already appeared for the initial recruitment Examination for selection to the post of Divisional Accounts Officer in the Kerala Water Authority more than thrice. This is the First/Second/ Third time I am applying for the above examination (Strike off which is not applicable).

Station :

Date: Signature of the Candidate

**9. Syllabus of the examination**

(i) **General Knowledge** - The paper is intended to test the ability of the candidate to write in clear and simple English and would cover question on General Knowledge, Precis of a given passage and General English.

(ii) **Elementary Book- Keeping-** The paper in this subject will be of a fairly elementary nature. " Students complete commercial Book Keeping, Accounting and Banking " by Arthur Field House is prescribed as the test book for the paper on this subject. It should be supplemented by a knowledge of the following chapters in "Advanced Accounts" by R.N Carter (latest Edition). When these chapters cover the same group as Field House, the questions will be prepared from Carter and not from Field house .

Chapter I:- Book keeping up to Trial Balance

Chapter II:-Trading and profit and loss Accounts and Balance Sheet

Chapter V:- Depreciation Sinking Fund, Reserves, Reserve Funds, Secret Reserve.

Chapter VI:- Bills of Exchange, Promissory notes, Cheques.

Chapter VII:- Portion relating to Voyage Account.

Chapter IX:- Self Balancing ledgers.

Chapter X:- Capital and Revenues, Revenue Accounts, Receipts and Payments accounts, Income and expenditure Account.

Chapter XVI:- Manufacturing and working Accounts and Cost Book Mining Company.

Chapter XVII:- Cost Accounts

Chapter XVIII:-Double Account System

Note:- If there is any change in the subject of these chapters in the subsequent editions of 'Carter', candidates should read the corresponding chapter in the latest edition.

iii) **Arithmetic and Mensuration :-** The standard of this subject will be the same as that prescribed for the matriculation or the School Leaving Certificate Examination. The Book " Mensuration for Indian Schools and Colleges" Part I by Pier Point is prescribed as representing the standard expected of the candidates on this subject.

Note:- **As the examinations is a competitive one, no exemption from appearing in any subject will be granted to any candidate.**

**10. Probation**: The probation period is applicable as per the provisions of the Recruitment Rules of Kerala Water Authority.

**11. Mode of Submitting Applications:**

(a) Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Name of the candidate and the date of photograph taken should be printed legibly at the bottom portion of the uploaded photo. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. **The candidates who create new One Time Registration profile should upload photograph taken within 6 months.** There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for. The profile correction made by the candidates themselves or in the office of KPSC on request after the last date fixed for the receipt of applications will not reflect in the application. Such corrections will come into effect only from the date on which corrections have been made.

(b) Candidates who have Aadhaar Card should add Aadhaar Card as ID proof in their profiles.

(c) If Written/OMR/Online Test is conducted as part of this selection candidates shall submit a confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The

periods regarding the submission of confirmation and the availability of admission tickets will be published in the examination programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

12. Last date of receipt of applications: **31.12.2025 Wednesday** up to 12 midnight

13. Address of the website to which applications are to be sent: www.keralapsc.gov.in

14. Note (a) Sub Paras viii, ix, x, xi, xiii & xiv in para 2 and Para 5 & 6 of the General Conditions are not applicable to this post.

(b) The selection to the above concern will be subject to the rules and regulations made by the firm from time to time.

(for details including Photo, ID Card etc. refer the General Conditions given in Part II of the Gazette Notification)

15. **Special Instructions for Candidates**

a) In case of difference in Caste / Community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non-creamy layer certificate / community certificate at the time of certificate verification.

b) Candidates are required to acquaint themselves with the instruction given in the notification as part II, General conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

c) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them, if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# <u>എൻ.സി.എ വിജ്ഞാപനം – സംസ്ഥാനതലം</u>
## <u>കാറ്റഗറി നമ്പർ : 472/2025</u>
### <u>രണ്ടാം എൻ.സി.എ. വിജ്ഞാപനം</u>

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **ഈഴവ/ ബില്ലവ/തീയ്യ** വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം മാത്രം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | **സ്ഥാപനത്തിന്റെ പേര്** | : | **കേരള വാട്ടർ അതോറിറ്റി** |
| 2. | **ഉദ്യോഗപ്പേര്** | : | **ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ** |
| 3. | **ശമ്പളം** | : | **₹ 49,000 – 1,10,300/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **1 (ഒന്ന്) (രണ്ടാം എൻ.സി.എ. – ഈഴവ/ബില്ലവ/തീയ്യ)** |

**കുറിപ്പ് :-**

i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 29.01.218 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 431/2012) കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായങ്ങൾക്ക് നീക്കി വെച്ചിട്ടുള്ളതും എന്നാൽ യോഗ്യരായ ഈഴവ/ബില്ലവ/തീയ്യ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ യുള്ളതുമായ ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. 11/12/2019 ലെ കാറ്റഗറി നമ്പർ: 360/2019 – ലെ ഒന്നാം എൻ.സി.എ. വിജ്ഞാപന പ്രകാരം പ്രസ്തുത സമുദായത്തിലെ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിലുള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദ ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

5. **നിയമന രീതി :** നേരിട്ടുള്ള നിയമനം (ഈഴവ/ബില്ലവ/തീയ്യ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.) മറ്റ് സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

6. **പ്രായ പരിധി :** 18–39. ഉദ്യോഗാർത്ഥികൾ 02.01.1986–നും 01.01.2007– നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ.), പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ഇളവുകൾ ഉൾപ്പെടെ.

**കുറിപ്പ്:** (i) മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക / സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യത അനുസരിച്ച് തീരുമാനിക്കുന്നതാണ്.

(ii) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന "ദി ഇൻഷ്യൽ റിക്രൂട്ട്മെന്റ് എക്സാമിനേഷൻ ഫോർ ഡിവിഷണൽ അക്കൗണ്ടന്റ്" എന്ന യോഗ്യതാ നിർണ്ണയ പരീക്ഷയുടേയും മത്സരപരീക്ഷയുടേയും അടിസ്ഥാനത്തിലായിരിക്കും ടി തസ്തികയുടെ നിയമനം നടത്തുന്നത്.

(iii) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ഒരു വർഷത്തിനുള്ളിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർ ഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

**7. യോഗ്യതകൾ :**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയിട്ടുള്ള എം. കോം. ബിരുദം. അല്ലെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് / ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് വർക്സ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ഇന്റർ എക്സാമിനേഷൻ പാസായിരിക്കണം.

കുറിപ്പ്:- (എ) കെ.എസ്.ആന്റ് എസ്.എസ്.ആർ പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്.

(ബി) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(സി) കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരെ തെരഞ്ഞെടുക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു മത്സര പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന അതേ രീതിയിൽ തന്നെയായിരിക്കും ടി തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനും തെരഞ്ഞെടുപ്പ് നടത്തുന്നത്.

**8. പരീക്ഷ:-** ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ടി തസ്തികയിലേക്ക് നിയമനം നടത്തുന്നത്. പരീക്ഷയിൽ വിജയിക്കുന്നതിനാവശ്യമായ കുറഞ്ഞ മാർക്കും പരീക്ഷയുടെ വിഷയങ്ങളും ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പരീക്ഷയുടെ വിഷയം** | **കൂടിയ മാർക്ക്** | **ജയിക്കുന്നതിനാവശ്യമായ കുറഞ്ഞ മാർക്ക്** | **ശതമാനം** |
|---|---|---|---|---|
| 1 | പൊതു വിജ്ഞാനം ചുരുക്കെഴുത്ത് (പ്രിസീസ്), ജനറൽ ഇംഗ്ലീഷ് | 150 | 60 | 40 |
| 2 | എലിമെന്ററി ബുക്ക് കീപ്പിംഗ് | 150 | 60 | 40 |
| 3 | അരിത്തമാറ്റിക് മെൻസുറേഷൻ (എലിമെന്ററി ബട്ട് പ്രാക്ടിക്കൽ) | 200 | 100 | 50 |
| | ആകെ | **500** | **220** | |

കുറിപ്പ്:- (1) പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒന്നും രണ്ടും പേപ്പറുകൾക്ക് കുറഞ്ഞത് 30%-വും മൂന്നാം പേപ്പറിന് കുറഞ്ഞത് 35%-വും മാർക്ക് വാങ്ങിയിരിക്കേണ്ടതാണ്.

(2) ഓരോ പേപ്പറിനും അനുവദിച്ചിട്ടുള്ള പരമാവധി സമയം (3) മണിക്കൂറാണ്.

(3) പരീക്ഷാ തീയതിയും പരീക്ഷാ സംബന്ധമായ മറ്റു വിവരങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.

(4) ഒരു ഉദ്യോഗാർത്ഥിയെയും 3 പ്രാവശ്യത്തിൽ കൂടുതൽ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. ഇതു സംബന്ധിച്ച് താഴെ പറയുന്ന സാക്ഷ്യപത്രം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

## DECLARATION

I hereby declare that I have not already appeared for the initial recruitment Examination for selection to the post of Divisional Accounts Officer in the Kerala Water Authority more than thrice. This is the First/Second/ Third time I am applying for the above examination (Strike off which is not applicable).

Station :

Date: Signature of the Candidate

**9. പരീക്ഷയുടെ വിവരങ്ങൾ:-**

(i) **General Knowledge**:- ലളിതവും വ്യക്തവുമായി എഴുതുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ കഴിവ് പരിശോധിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പേപ്പർ. ഇതിൽ പൊതുവിജ്ഞാനം, ചുരുക്കെഴുത്ത് (പ്രിസീസ്), ജനറൽ ഇംഗ്ലീഷ് എന്നിവയിൽ നിന്നുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

(ii) **Elementary Book Keeping**:- ഈ വിഷയത്തിൽ പേപ്പർ തികച്ചും എലിമെന്ററി (പ്രാഥമിക) സ്വഭാവത്തിലുള്ളതായിരിക്കും. ആർതർ ഫീൽഡ് ഹൗസിന്റെ "സ്റ്റുഡന്റ്സ് കംപ്ലീറ്റ് കൊമേഴ്സ്യൽ ബുക്ക് കീപ്പിംഗ്, അക്കൗണ്ടിംഗ് ആന്റ് ബാങ്കിംഗ് " എന്ന ബുക്കാണ് ഈ വിഷയത്തിൽ ടെസ്റ്റ് ബുക്കായി നിശ്ചയിച്ചിരിക്കുന്നത്. (Students Complete Commercial Book Keeping, Accounting and Banking by Arthur Field House) ആർ. എൻ. കാർട്ടറുടെ "അഡ്വാൻസ്ഡ് അക്കൗണ്ട്സ്" (ലേറ്റസ്റ്റ് എഡിഷൻ) എന്ന ബുക്കിലെ താഴെ പറയുന്ന അദ്ധ്യായങ്ങളെക്കുറിച്ച് കൂടി ഉദ്യോഗാർത്ഥികൾക്ക് അറിവുണ്ടായിരിക്കണം. ഈ അദ്ധ്യായങ്ങളും ആർതർ ഫീൽഡ് ഹൗസിന്റെ ബുക്കിലെ അദ്ധ്യായങ്ങളും ഒരേ വിഭാഗത്തിൽപ്പെട്ടവയാണെങ്കിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നത് കാർട്ടറുടെ ബുക്കിനെ ആധാരമാക്കിയായിരിക്കും.

അദ്ധ്യായം I:- Book keeping up to Trial Balance

അദ്ധ്യായം II:-Trading and profit and loss Accounts and Balance Sheet

അദ്ധ്യായം V:- Depreciation Sinking Fund, Reserves, Reserve Funds, Secret Reserve.

അദ്ധ്യായം VI:- Bills of Exchange, Promissory notes, Cheques.

അദ്ധ്യായം VII:- Portion relating to Voyage Account.

അദ്ധ്യായം IX:- Self Balancing ledgers.

അദ്ധ്യായം X:- Capital and Revenues, Revenue Accounts, Receipts and Payments accounts, Income and expenditure Account.

അദ്ധ്യായം XVI:- Manufacturing and working Accounts and Cost Book Mining Company.

അദ്ധ്യായം XVII:- Cost Accounts

അദ്ധ്യായം XVIII:-Double Account System

കുറിപ്പ്:- കാർട്ടറിന്റെ തുടർന്നുള്ള പതിപ്പുകളിൽ മുകളിൽ പറഞ്ഞിരിക്കുന്ന അദ്ധ്യായങ്ങൾക്ക് ഏതെങ്കിലും വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ ഏറ്റവും പുതിയ പതിപ്പിലെ അദ്ധ്യായങ്ങൾ കൂടി വായിച്ചിരിക്കേണ്ടതാണ്.

(iii) **Arithmetic and Mensuration:**– മെട്രിക്കുലേഷനോ അഥവാ എസ്.എസ്.എൽ.സി. യോ തത്തുല്യമായ നിലവാരത്തിലുള്ളത്. Pier Point രചിച്ച "Mensuration for Indian Schools and Colleges Part I" എന്ന പുസ്തകമാണ് ഉദ്യോഗാർത്ഥികൾക്ക് ഈ വിഷയത്തിലുള്ള നിലവാരനിർണ്ണയത്തിനായി നിശ്ചയിച്ചിട്ടുള്ളത്.

**കുറിപ്പ്:- ഇതൊരു മത്സര പരീക്ഷയാണ്. അതിനാൽ ഉദ്യോഗാർത്ഥികൾ എല്ലാ വിഷയങ്ങളും എഴുതേണ്ടതാണ്.**

10. **പ്രൊബേഷൻ:**- കേരള വാട്ടർ അതോറിറ്റിയിലെ റിക്രൂട്ട്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രൊബേഷൻ കാലയളവ് ബാധകമാണ്.

**11. അപേക്ഷ സമർപ്പിക്കേണ്ട രീതി:-**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട

അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തൽ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(സി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

**12.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **31.12.2025 ബുധനാഴ്ച** അർധരാത്രി 12 മണി വരെ.

**13.** അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് വിലാസം : www.keralapsc.gov.in.

**14.** (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (viii), (ix), (x), (xi), (xiii) & (xiv) എന്നീ ഉപഖണ്ഡികകളും, ഖണ്ഡികകൾ 5 & 6 ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

(ഫോട്ടോ, ID Card ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് 2-ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക).

**15. <u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:</u>**

a) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി / സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

b) ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിയ്ക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

c) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ